12/01/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ CP No. 150(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3118/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 31.12.2021**

**ശ്രീമതി ആര്യ രാജൻ,**
**PRWA-34,**
**നാഗംപാടം,**
**കോട്ടയം – 1.** } **പരാതി ഹർജിക്കാരി**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**കിടങ്ങൂർ എൻജിനീയറിംഗ് കോളേജ്,**
**കിടങ്ങൂർ, കോട്ടയം** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 26/02/2016 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 27/02/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 02/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 18/06/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 23/12/2021<br>PWD റസ്റ്റ് ഹൗസ്, കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി ആര്യ രാജൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ 2016 ൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് എതിർകക്ഷി നാളിതുവരെ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരി എതിർകക്ഷി മുമ്പാകെ 26.02.2016 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ ആയിരുന്ന ശ്രീമതി റിനി ജോൺസിന്റെ academic/career വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരിയുടെ 26.02.2016 ലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല.

4. എതിർകക്ഷി 05.05.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരിയിൽ നിന്നും 2016 ൽ വിവരാവകാശ നിയമപ്രകാരം രണ്ട് അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും രേഖകൾ പരിശോധിച്ചതിൽ ടിയാളുടെ 29.02.2016 ലെ അപേക്ഷയ്ക്ക് മറുപടി കൊടുത്തിട്ടുള്ളതാണെന്നും 26.02.2016 ലെ അപേക്ഷ വിവരാവകാശ നിയമപ്രകാരം മറുപടി നൽകുവാൻ കഴിയാത്ത തരത്തിലായതു കൊണ്ട് നിരസിച്ചിട്ടുള്ളതുമാണെന്നാണ്. ശ്രീമതി ആര്യ രാജൻ അപേക്ഷ സമർപ്പിക്കുമ്പോൾ ടി കോളേജിലെ അധ്യാപികയായിരുന്നെന്നും ടിയാൾ ആവശ്യപ്പെട്ടിരുന്നത് ടി കോളേജിലെ തന്നെ അധ്യാപികയായ ശ്രീമതി. റിനി ജോൺസിനെ സംബന്ധിക്കുന്ന വിവരങ്ങളായിരുന്നെന്നും വ്യക്തിപരമായ വിവരങ്ങൾ നൽകുവാൻ ശ്രീമതി റിനി ജോൺസിന് സമ്മതമില്ലാത്തതിനാലാണ് അപേക്ഷ നിരസിച്ചതെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. 23.12.2021 ൽ കമ്മീഷൻ കോട്ടയം റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്.

പരാതിക്കാരിയുടെ അപേക്ഷയ്ക്ക് 02.04.2016 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും കൂടാതെ 05.05.2021 തീയതി വച്ച് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിയ്ക്ക് അയച്ചു നൽകിയതിനൊപ്പവും 02.04.2016 ലെ മറുപടിയുടെ പകർപ്പ് അയച്ചു നൽകിയെന്നും എന്നാൽ ടി മറുപടിയിൽ ഡോ. റിനി ജോൺസിന്റെ academic/career details നൽകിയിട്ടില്ല എന്നുമാണ് എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. 02.04.2016 ലെ എതിർകക്ഷിയുടെ മറുപടി പരിശോധിച്ചതിൽ എതിർകക്ഷി നൽകിയിരിക്കുന്നത് പരാതിക്കാരിയുടെ 29.02.2016 ലെ അപേക്ഷയ്ക്കുള്ള മറുപടിയാണ് എന്നു കാണുന്നു. ആയതിൽ TEQIP Fund നെ കുറിച്ചുള്ള വിവരങ്ങളാണ് നൽകിയിരിക്കുന്നത്. ടിയാളുടെ 26.02.2016 ലെ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നില്ല. ടി അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടില്ല എന്നുതന്നെയാണ് എതിർകക്ഷിയുടെ 05.05.2021 ലെ റിപ്പോർട്ടിലും പറഞ്ഞിരിക്കുന്നത്. പരാതിക്കാരിയുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് നിശ്ചിത സമയം കഴിഞ്ഞിട്ടും മറുപടി നൽകാതിരുന്ന പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ കാണുന്നു. ടി എതിർകക്ഷിയുടെ നടപടി വിവരാവകാശനിയമം 7(1) വകുപ്പിന്റെ ലംഘനവും കുറ്റകരവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. പരാതിക്കാരിയുടെ 26.02.2016 ലെ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കകം പരാതിക്കാരിയ്ക്ക് ലഭ്യമാക്കേണ്ടതും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതുമാണെന്ന് എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

INFORMATION COMMISSION • THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm